**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 79** **27-06-2022 - ൽ മറുപടിയ്ക്ക്**

**അക്രമ സമരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിക്കെതിരെ കണ്ണൂരിൽ കരിങ്കൊടി കാണിച്ച പ്രതിപക്ഷ വിദ്യാർത്ഥി സംഘടനയുടെ കണ്ണൂർ ജില്ലാ സെക്രട്ടറിയെ പോലീസ് ജീപ്പിൽ വച്ച് ഭരണപക്ഷ യുവജന സംഘടനയുടെ പ്രവർത്തകർ ആക്രമിച്ചതായി പറയപ്പെടുന്ന സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എ) | മുഖ്യമന്ത്രിയുടെ വാഹന വ്യൂഹത്തിലേക്ക് ഓടിക്കയറി കരിങ്കൊടി കാണിക്കുവാൻ ശ്രമിച്ചയാളെ സംഭവസ്ഥലത്ത് നിന്നും നീക്കം ചെയ്യുന്നതിന്റെ ഭാഗമായി പോലീസ് വാഹനത്തിൽ കയറ്റുന്ന സമയം നാട്ടുകാരിൽ ചിലർ പോലീസ് വാഹനത്തിന് സമീപത്തേക്ക് വരികയുണ്ടായി. ടിയാന് ദേഹോപദ്രവം ഏൽക്കാതിരിക്കാൻ പോലീസ് വളരെവേഗം വാഹനത്തിൽ കയറ്റി കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ എത്തിക്കുകയും ചെയ്തു. ഇു സംബന്ധിച്ച് മറ്റു പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | പോലീസ് ജീപ്പിൽ കയറ്റിയ പ്രതിപക്ഷ വിദ്യാർത്ഥി സംഘടനയുടെ നേതാവിനെ ജീപ്പിൽ കയറി ആക്രമിച്ചവരെ തടയാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | സർക്കാരിനെതിരെയുള്ള സമരങ്ങൾ റിപ്പോർട്ട് ചെയ്യുന്ന മാധ്യമ പ്രവർത്തകർക്കെതിരെ ഭരണപക്ഷ കക്ഷിയിൽപെട്ട നേതാക്കൾ വധഭീഷണി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഗൗരവമായി കാണുന്നുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | കണ്ണൂരിൽ മാധ്യമ പ്രവർത്തകനെതിരെ മുഖ്യമന്ത്രിയുടെ ബന്ധു വധഭീഷണി മുഴക്കിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേസ് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | ഈ സംബന്ധിച്ച് ലഭിച്ച പരാതി പരിശോധിച്ചതിൽ വാട്സ് ആപ്പ് വഴി ഭീഷണി മുഴക്കിയ കാര്യത്തിന് പോലീസിന് നേരിട്ട് കേസ് രജിസ്റ്റർ ചെയ്യാൻ നിർവ്വാഹമില്ലെന്ന് കണ്ടെത്തുകയും, ബഹു. കോടതി നിർദ്ദേശ പ്രകാരം മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ സാധ്യമാവുകയുള്ളു എന്ന് പരാതിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ